# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3110

28.01.2014 ൽ മറുപടിക്ക്

**<u>പാചകവാതക വില വർദ്ധനയും അനന്തര ഫലങ്ങളും</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ എസ്. ശർമ്മ:<br>ശ്രീമതി കെ. എസ്. സലീഖ:<br>ശ്രീ. പി. റ്റി. എ. റഹീം:<br>ശ്രീ കെ. കുഞ്ഞിരാമൻ (ഉദുമ): | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | പാചകവാതക വില കുത്തനെ വർദ്ധിപ്പിച്ച കേന്ദ്രസർക്കാർ നടപടി സംസ്ഥാനത്തെ പാചക വാതക ഉപഭോക്താക്കളേയും പൊതുസമൂഹത്തേയും എങ്ങിനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പാചകവാതക വിലയുടെ വർദ്ധനവ് സംസ്ഥാനത്തെ പാചക വാതക ഉപഭോക്താക്കളേയും പൊതുസമൂഹത്തേയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. എന്നാൽ കേന്ദ്രസർക്കാറിന്റെ പെട്രോളിയം പ്രകൃതി വാതക മന്ത്രാലയമാണ് പാചകവാതക വില നിർണ്ണയം സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്. |
| (ബി) | ഗാർഹീക ഉപഭോക്താക്കൾക്കും ഹോട്ടൽ ഉൾപ്പെടെ വാണിജ്യ മേഖലയിലെ ഉപഭോക്താക്കൾക്കും ഏത് നിരക്കിലാണ് വില വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന എൽ.പി.ജി. സിലിണ്ടറിന്റെ 2014 ജനുവരി മാസത്തെ സബ്സിഡി വില തിരുവനന്തപുരം ജില്ലയിൽ 444 രൂപയും സബ്സിഡിയില്ലാതെ 1300 രൂപയുമാണ്. വാണിജ്യാവശ്യത്തിനുള്ള സിലിണ്ടറിന്റെ തിരുവനന്തപുരം ജില്ലയിലെ വില 2194.50 രൂപയാണ്. |
| (സി) | പാചക വാതക വിലവർദ്ധന ഹോട്ടലുകളിലും ബേക്കറിയിലും ഭക്ഷണ പദാർത്ഥങ്ങളുടെ വില വൻതോതിൽ ഉയരുന്നതിന് കാരണമാകും എന്ന കാര്യം അറിവുള്ളതാണോ; | (സി) | വാണിജ്യ സിലിണ്ടറുകളുടെ വില വർദ്ധനവ് ഹോട്ടലുകളിലും ബേക്കറിയിലും ഭക്ഷണപദാർത്ഥങ്ങളുടെ വില ഉയരുന്നതിന് കാരണമാകും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | നേരത്തെ വെട്ടിക്കുറച്ച സിലിണ്ടറുകളുടെ എണ്ണം 12 ആയി പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്രസർക്കാരാണ്. |

സെക്ഷൻ ഓഫീസർ